പ്രസ്സ് റിലീസ് PRESS RELEASE

ഭാരതീയ റിസർവ് ബാങ്ക്
RESERVE BANK OF INDIA

വെബ്സൈറ്റ് : www.rbi.org.in/hindi
Website : www.rbi.org.in
ഇ-മെയിൽ : helpdoc@rbi.org.in

ഡിപ്പാർട്ട്മെന്റ് ഓഫ് കമ്മ്യൂണിക്കേഷൻ, സെൻട്രൽ ഓഫീസ്, എസ്.ബി.എസ്. മാർഗ്, മുംബൈ - 400 001

DEPARTMENT OF COMMUNICATION, Central Office, S.B.S. Marg, Mumbai - 400 001
Phone : 91 22 2266 0502 Fax : 91 22 22660358

ഡിസംബർ 31, 2018

**2019 ജനുവരി 01ന് ആരംഭിക്കുന്ന പാദവർഷത്തേയ്ക്ക് ബാങ്കിങ് - ഇതര ധനകാര്യ കമ്പനികൾക്കും സൂക്ഷ്മ ധനകാര്യ സ്ഥാപനങ്ങൾക്കും ചുമത്താവുന്ന യുക്തമായ ശരാശരി അടിസ്ഥാന പലിശ നിരക്ക്**

ബാങ്കിങ് - ഇതര ധനകാര്യ കമ്പനികൾക്കും സൂക്ഷ്മ ധനകാര്യ സ്ഥാപനങ്ങൾക്കും (എൻബിഎഫ്സി - എംഎഫ്ഐ) 2019 ജനുവരി 01ന് ആരംഭിക്കുന്ന പാദവർഷ ത്തേയ്ക്ക് അവരുടെ വായ്പാ ഇടപാടുകാർക്ക് ചുമത്താവുന്ന യുക്തമായ അടിസ്ഥാന പലിശ നിരക്ക് 9.15 ശതമാനമായിരിക്കുമെന്ന് ഭാരതീയ റിസർവ് ബാങ്ക് ഇന്ന് അറിയിച്ചിരിക്കുന്നു.

വായ്പകൾക്ക് പലിശ നിശ്ചയിക്കുന്ന വിഷയത്തെക്കുറിച്ച് 2014 ഫെബ്രുവരി 07ന് ബാങ്കിങ് - ഇതര കമ്പനികൾക്കും സൂക്ഷ്മ ധനകാര്യസ്ഥാപനങ്ങൾക്കുമായി ഭാരതീയ റിസർവ് ബാങ്ക് പുറപ്പെടുവിച്ചിരുന്ന സർക്കുലറിൽ, അഞ്ച് വൻകിട വാണിജ്യ ബാങ്കുകളുടെ ശരാശരി അടിസ്ഥാന പലിശ നിരക്ക് എത്രയായിരിക്കുമെന്ന് ഓരോ പാദവർഷത്തിന്റെയും അവസാന പ്രവൃത്തി ദിനത്തിൽ അറിയിക്കുന്നതാണെന്നും, അതിൻപ്രകാരം അടുത്ത പാദവർഷത്തേക്കുള്ള പലിശനിരക്കുകൾ നിശ്ചയിക്കാൻ ബാങ്കിങ് - ഇതര ധനകാര്യ കമ്പനികൾക്കും സൂക്ഷ്മ ധനകാര്യ സ്ഥാപനങ്ങൾക്കും കഴിയുന്നതാണെന്നും പ്രസ്താവിച്ചിരുന്നത് അനുസ്മരിക്കേണ്ടതാണ്.

**അജിത് പ്രസാദ്**
അസിസ്റ്റന്റ് അഡ്വൈസർ

**പ്രസ്സ് റിലീസ്: 2018-2019/1499**